കെ.എസ്.ആർ.ടി.സി.യിലെ റിസർവ് ഡ്രൈവർ തസ്തികയുടെ (കാറ്റഗറി നമ്പർ 196/10) തെരഞ്ഞെടുപ്പിനായി 20/08/2011–ൽ പ്രസിദ്ധീകരിച്ച സാധ്യതാപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് വേണ്ടി 02/02/2012 മുതൽ അതാത് ജില്ലകളിലെ വിവിധ കേന്ദ്രങ്ങളിൽ വച്ച് പ്രായോഗിക പരീക്ഷ (H-Test + Road Test) നടത്തുന്നതാണ്. അഡ്മിഷൻ ടിക്കറ്റ്, ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ മാതൃകകൾ (ഫിസിക്കൽ ഫിറ്റ്നസ്, കാഴ്ച) എന്നിവ കമ്മീഷന്റെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്. പ്രായോഗിക പരീക്ഷ സംബന്ധമായി മലയാളത്തിലുള്ള നിർദ്ദേശവും വെബ്സൈറ്റിൽ നൽശിയിട്ടുണ്ട്. അഡ്മിഷൻ ടിക്കറ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ ഒട്ടിച്ചതും ശരിയായി പൂരിപ്പിച്ചിട്ടുള്ളതുമായ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, നിലവിലുള്ള HDV ലൈസൻസും ആയതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും, ഫിസിക്കൽ ഫിറ്റ്നസിനെ സംബന്ധിച്ച് അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ്, കാഴ്ചയെ സംബന്ധിച്ച് സർക്കാർ സർവീസിലുള്ള ഓഫ്താൽമോളജിസ്റ്റിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവയാണ് പ്രായോഗിക പരീക്ഷാ സമയത്ത് ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ടത്.